## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3043 07.02.2018 ൽ മറുപടി നൽകേണ്ടത്.

## സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ വിദ്യാഭ്യാസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.പി.ടി. തോമസ് | | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനസംഘടിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അതിന്റെ ഭാഗമായി പ്രൈമറി തലത്തിൽ പുതിയ പാഠ്യപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (ബി) | സംസ്ഥാന സർക്കാരിന്റെ നിർദ്ദേശാനുസരണം എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ സ്പെഷ്യൽ സ്കൂളുകളിലെ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന 7-11 വയസ്സുവരെയുള്ള കുട്ടികൾക്കായി പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. എഴ് മുതൽ 11 വയസ്സുവരെ അഞ്ച് വർഷക്കാലം കൊണ്ട് കുട്ടികൾക്ക് കൈവരിക്കാവുന്ന വിവിധ കഴിവുകളും നൈപുണികളും മൂല്യങ്ങളും മനോഭാവങ്ങളും ഈ പാഠ്യപദ്ധതി ലക്ഷ്യമിടുന്നു. കളികളും പ്രവർത്തനങ്ങളും ഉൾപ്പെട്ട കളിച്ചെപ്പ് എന്ന പേരിൽ എട്ട് ടൈറ്റിൽ പുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകർക്കായുള്ള ശാക്തീകരണത്തിന്റെ ഭാഗമായി പരിശീലന മൊഡ്യൂളുകളുടെ സഹായത്തോടെ സംസ്ഥാനതല പരിശീലന പരിപാടി സംഘടിപ്പിച്ചു. ഈ പാക്കേജുമായി ബന്ധപ്പെട്ട റിസോഴ്സ് സി.ഡി.യും നിർമ്മിച്ചിട്ടുണ്ട്.<br>ശ്രവണ പരമായി വെല്ലുവിളി നേരിടുന്ന 1 മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികൾക്കായി സവിശേഷ പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനെ ആസ്പദമാക്കി 1:ാം ക്ലാസിലേക്കുള്ള പ്രവേശിക പാഠപുസ്തകം തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ 1:ാം ക്ലാസിലെ പാഠപുസ്തകങ്ങളും തയ്യാറാക്കി വരുന്നു. 1, 2 ക്ലാസിൽ പഠിപ്പിക്കുന്ന എല്ലാ സ്പെഷ്യൽ സ്കൂൾ |

| | | | |
|---|---|---|---|
| | | | (ശ്രവണ പരിമിതി) അദ്ധ്യാപകർക്കും എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ പരിശീലനം നൽകിയിട്ടുണ്ട്.<br>കാഴ്ച വൈകല്യമുള്ള കുട്ടികൾക്ക് ശാരദ ബ്രെയിൽ റൈറ്റർ നടപ്പാക്കുന്നതിന്റെ ഭാഗമായി എസ്.സി.ഇ.ആർ.ടി-യുടെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്കായി ശാക്തീകരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. |
| (സി) | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ്-നെ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ വിദ്യാഭ്യാസ മേഖലയിലെ ഉന്നത സ്ഥാപനമാക്കുവാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ ഇതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ മേഖലയെ ശരിയായ ദിശയിൽ മുന്നോട്ട് നയിക്കുക എന്ന ലക്ഷ്യത്തോടെ എസ്,ഐ.എം.സിയെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ മേഖലയിലെ ഉന്നത സ്ഥാപനമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ശൈശവ മനോരോഗം, ബഹു.വൈകല്യം, പഠന വൈകല്യം എന്നീ മേഖലകളിൽ പ്രതിരോധം, നേരത്തെ കണ്ടെത്തൽ, നേരത്തെയുള്ള വിദഗ്ദ്ധ ഇടപെടൽ, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, തൊഴിൽ പുനരധിവാസം, സാമൂഹ്യ സുരക്ഷ എന്നീ വിഷയങ്ങളിൽ ശാസ്ത്രീയമായും സമഗ്രമായും ഇടപെടുക എന്ന ദൗത്യമാണ് എസ്.ഐ.എം.സി യുടെ പ്രഖ്യാപിത ലക്ഷ്യം.എസ്.ഐ.എം.സിയെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ മേഖലയുടെ ഉന്നത സ്ഥാപനമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ